**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 162** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സമഗ്രവും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. രാജൻ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. സി. അജയപ്രസാദ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ആരോഗ്യ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തി എല്ലാവർക്കും താങ്ങാവുന്നതും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ആരോഗ്യ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തി എല്ലാവർക്കും താങ്ങാവുന്നതും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെടുകയും അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ജനറൽ/ ജില്ലാ/ താലൂക്ക് ആശുപത്രികളിലും സാമൂഹിക/ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഏറ്റവും അടിത്തട്ടിലുള്ള സബ് സെന്ററുകളിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി പൊതുജനങ്ങൾക്ക് മികച്ച രീതിയിലുള്ള ആധുനിക ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഓരോ ജില്ലകളിലും ഒരു ജില്ലാതല ആശുപത്രിയും ഓരോ താലൂക്കുകളിൽ ഒരു താലൂക്ക് ആശുപത്രിയും ബ്ലോക്ക് പഞ്ചായത്തുകളിൽ ഒരു ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രവും ഓരോ ഗ്രാമപഞ്ചായത്തുകളിൽ ഒരു കുടുംബാരോഗ്യ കേന്ദ്രവും വേണമെന്ന് നിഷ്കർഷിക്കുകയും ഇതിനായി ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളുടെ Standardization Guidelines സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ച് വരുകയും ചെയ്യുന്നു. കൂടാതെ മെഡിക്കൽ കോളേജുകൾ വഴി സ്പെഷ്യാലിറ്റി അടക്കമുള്ള അത്യാധുനിക ചികിത്സകളും ലഭ്യമാക്കി വരുന്നു.

**(ബി)** ആർദ്രം മിഷന്റെ ആദ്യ ഘട്ടം മുതൽ തന്നെ ആരോഗ്യ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മുൻ സർക്കാർ പ്രത്യേക ശ്രദ്ധ നൽകിയിരുന്നുവോ; ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായും ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളായും പരിവർത്തനം ചെയ്യുന്നതിന് മുൻ സർക്കാർ നടപടികൾ സ്വീകരിച്ചിരുന്നുവോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ആർദ്രം മിഷന്റെ ആദ്യഘട്ടം മുതൽ തന്നെ ആരോഗ്യ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പ്രത്യേക

ശ്രദ്ധ നൽകിയിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായും സാമൂഹികാരോഗ്യകേന്ദ്രങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രങ്ങളായും ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളായും പരിവർത്തനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി തെരഞ്ഞെടുത്ത 152 സ്ഥാപങ്ങളിൽ 104 സ്ഥാപനങ്ങളുടെ നിർമ്മാണം പൂർത്തിയായി. 885 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 785 എണ്ണത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചു. ഈ സാമ്പത്തിക വർഷത്തിൽ 28 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പൊതുജനങ്ങൾക്ക് സേവനം ലഭിക്കുന്നതിനായി ഏറ്റവും അടിത്തട്ടിൽ പ്രവർത്തിക്കുന്ന സബ് സെന്ററുകളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി പൊതുജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് Antenatal Care, Immunization, Child care, adolescent health counseling & screening, Yoga, NCD Screening, disbursement of medicine, vector surveillance and control program, RMCH, Family Planning and counseling and distribution of contraceptives തുടങ്ങിയ സേവനങ്ങളും പൊതുജനങ്ങൾക്ക് നൽകി വരുന്നു. സർക്കാർ ഉത്തരവിൽ നിർദേശിച്ചിട്ടുള്ള ലാബ് ടെസ്റ്റുകളും അവിടെ ചെയ്യുന്നുണ്ട്. ഫീൽഡുതല പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന 36 ഇനം മരുന്നുകൾ ലഭ്യമാണ്. കൂടാതെ മാസത്തിൽ ഒരുദിവസം NCD മരുന്നുകളും വിതരണം ചെയ്യുന്നുണ്ട്.

**(സി)** പരിവർത്തനം ചെയ്യപ്പെടുന്ന ജനകീയാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രികൾ വരെയുള്ള എല്ലാ സ്ഥാപനങ്ങളിലും ഒരുക്കേണ്ട ഭൗതിക സാഹചര്യങ്ങളും സേവനങ്ങളും സംബന്ധിച്ച സ്റ്റാൻഡർഡൈസേഷൻ മാർഗ്ഗരേഖകൾ മുൻ സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇതുപ്രകാരം എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;വിശദമാക്കാമോ;

**മറുപടി:** ഓരോ ജില്ലകളിലും ഒരു ജില്ലാതല ആശുപത്രിയും ഓരോ താലൂക്കുകളിലും ഒരു താലൂക്ക് ആശുപത്രിയും ബ്ലോക്ക് പഞ്ചായത്തുകളിൽ ഒരു ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രവും ഓരോ ഗ്രാമപഞ്ചായത്തുകളിൽ ഒരു കുടുംബാരോഗ്യ കേന്ദ്രവും വേണമെന്ന് നിഷ്കർഷിക്കുകയും ഇതിനായി ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളുടെ Standardization Guidelines സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടരുകയും കൂടാതെ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നതാണ്.

**(ഡി)** സുസ്ഥിര വികസന ലക്ഷ്യമായി കണക്കാക്കപ്പെടുന്ന സമഗ്ര ആരോഗ്യ കവറേജ്, മികച്ച ആരോഗ്യ പരിപാലനം, മരുന്നുകളുടെ ന്യായവില എന്നിവ ഉറപ്പുവരുത്താൻ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**മറുപടി:** ആരോഗ്യമേഖലയിൽ എല്ലാവർക്കും തുല്യമായ നീതിയും ഗുണനിലവാരമുള്ള ചികിത്സയും ഉറപ്പാക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്.

അപ്രതീക്ഷിതമായ ചികിത്സാ ചെലവുകൾ പല കുടുംബങ്ങളിലും വൻ സാമ്പത്തിക ബാധ്യതയാണ് സൃഷ്ടിക്കുന്നത്. ഇത്തരം ബാധ്യത ലഘൂകരിക്കുന്നതിനും കുടുംബങ്ങൾക്ക് കൈത്താങ്ങാകുന്നതിനുമായി എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെയുള്ള സൗജന്യ "ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ്

പദ്ധതി" നടപ്പിലാക്കുന്നതാണ്. **കൂ**ടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതുമാണ്.

മെഡിക്കൽ കോളേജുകൾ, ജില്ലാ-താലൂക്ക് ആശുപത്രികൾ എന്നിവയിലെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റുകൾ എന്നിവ കൂടുതൽ ജനകീയമാക്കുകയും ചെയ്യും. ആശുപത്രികളിൽ രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാർ, നഴ്സുമാർ, മറ്റ് പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ സേവനം ഉറപ്പാക്കാൻ പുതിയ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്നതാണ്. അത്യാഹിത-ട്രോമ ചികിത്സ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ലഭ്യമാക്കുന്നതിനായി ആരോഗ്യ സ്ഥാപനങ്ങൾ തമ്മിൽ മികച്ച ഏകോപനം ഉറപ്പാക്കിക്കൊണ്ടും ഡിജിറ്റലൈസ്ഡ് സംവിധാനം ലഭ്യമാക്കിക്കൊണ്ടും 'ഗോൾഡൻ അവർ പ്രോജക്ട്' നടപ്പിലാക്കും. ആദിവാസി മേഖലയിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി 'ട്രൈബൽ ഹെൽത്ത് ക്ലസ്റ്ററുകൾ'.തീരദേശ മേഖലയിലെ ജനങ്ങളുടെ ആരോഗ്യ പരിപാലന ത്തിനായി പ്രത്യേക 'കോസ്റ്റൽ കെയർ യൂണിറ്റുകൾ' എന്നിവ സ്ഥാപിച്ച് ചികിത്സ ഉറപ്പാക്കും. സംസ്ഥാനത്ത് എസ്.എം.എ. (Spinal Muscular Atrophy) അപൂർവ്വ രോഗങ്ങൾക്ക് മരുന്നുകൾ അടക്കമുള്ള ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കും.

സർക്കാർ ആശുപത്രികൾ വഴി വിതരണം ചെയ്യുന്ന സൗജന്യ മരുന്നുകളുടെ ഗുണനിലവാരവും യഥാസമയമുള്ള ലഭ്യതയും ഉറപ്പാക്കുന്നതിനായി കെ.എം.എസ്.സി.എൽ.-ന്റെ മരുന്ന് സംഭരണ പ്രക്രിയ പുനപരിശോധിക്കുകയും, കാര്യക്ഷമമാക്കാനുള്ള നടപടികൾ കൈകൊള്ളുകയും ചെയ്യും.

**സെക്ഷൻ ഓഫീസർ**